മാധ്യമം

30 November 2017

# മത്സ്യമേഖലയിൽ ഉപഗ്രഹസാങ്കേതികവിദ്യ: വിൻറർ സ്കൂൾ നാളെ തുടങ്ങും

**കൊച്ചി:** കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തുന്ന വിൻറർ സ്കൂൾ വെള്ളിയാഴ്ച തുടങ്ങും. ഉപഗ്രഹ സാങ്കേതികവിദ്യ മത്സ്യമേഖലയുടെ പുരോഗതിക്ക് ഉപയോഗിക്കുന്നതിൻെറ ഭാഗമായാണ് 21 ദിവസത്തെ വിൻറർ സ്കൂൾ. ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ഗവേഷകരും അധ്യാപകരുമായ 25 പേർക്കാണ് പരിശീലനം നൽകുന്നത്.